**പ്രത്യേക പരാമർശം**

ചീഫ് സെക്രട്ടറിയുടെ ലേഖനം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ ഞാൻ അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഏറ്റവും സുപ്രധാനമായ ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. സംസ്ഥാന ക്യാബിനെറ്റിന്റെ സെക്രട്ടറിയാണ് ചീഫ് സെക്രട്ടറി. സംസ്ഥാന ഗവൺമെന്റ് മാവോയിസ്റ്റ് കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ്. ആ സന്ദർഭത്തിലാണ് അദ്ദേഹം ടൈംസ് ഓഫ് ഇന്ത്യയിൽ ഇന്നലെ ഒരു ലേഖനം എഴുതിയത്. ആ ലേഖനം വളരെയേറെ വിവാദങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ക്രൈംബ്രാഞ്ച് അന്വേഷണം പ്രഖ്യാപിച്ചിരിക്കുമ്പോൾ മുൻവിധിയോടുകൂടി ക്യാബിനറ്റ് സെക്രട്ടറി കൂടിയായ ചീഫ് സെക്രട്ടറി അങ്ങനെയൊരു പരാമർശം നടത്തിയത് അനുചിതമാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് അക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്; ഗവൺമെന്റിന്റെ അനുമതി ചോദിച്ചിട്ടാണോ അദ്ദേഹം ഈ ഇന്റർവ്യൂ കൊടുത്തിട്ടുള്ളത്? അത് ഈ അന്വേഷണത്തെ സ്വാധീനിക്കുന്ന ഒന്നാണ് എന്ന് ഞങ്ങൾ കരുതുന്നു.

പ്രത്യേകിച്ചും ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുന്ന ഈ ഘട്ടത്തിൽ മനുഷ്യാവകാശങ്ങൾക്കും പൗരാവകാശങ്ങൾക്കുമെതിരെ ചീഫ് സെക്രട്ടറിയെപ്പോലെ ഉന്നത സ്ഥാനത്തിരിക്കുന്ന എക്സിക്യൂട്ടിവിന്റെ ചീഫ് അങ്ങനെ പറഞ്ഞത് ഒട്ടും ശരിയായ നടപടിയല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്; കാരണം ഇത് വളരെയേറെ ആശങ്ക ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ഒരു സംഭവമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് നിലപാട് വ്യക്തമാക്കാമെന്ന് പറഞ്ഞതാണ്. അദ്ദേഹത്തിന്റെ അഭിപ്രായം പറയണമെന്നുള്ളത് അങ്ങയിലൂടെ മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇന്ന് വ്യക്തമാക്കാം എന്നല്ല ഞാൻ പറഞ്ഞത്. ഞാൻ വായിച്ചിട്ടില്ല, വായിച്ചതിനുശേഷം വ്യക്തമാക്കാമെന്നാണ് പറഞ്ഞത്. ഈ ലേഖനം എഴുതാൻ സർക്കാരിന്റെ മുൻകൂർ അനുമതിയൊന്നും ചീഫ് സെക്രട്ടറി വാങ്ങിയിട്ടില്ല. അതോടൊപ്പം ടൈംസ് ഓഫ് ഇന്ത്യ ദിനപ്പത്രത്തിൽ 05-11-2019-നാണ് ചീഫ് സെക്രട്ടറിയുടെ ലേഖനം വന്നിട്ടുള്ളത്. മാവോയിസ്റ്റ് ഭീകരതയാണ് ലേഖനത്തിലെ വിഷയം. ഈ ലേഖനം ഞാൻ വായിച്ചു. ലേഖനത്തിലെ

പരാമർശങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ മാത്രമാണ്. മഞ്ചക്കണ്ടി സംഭവത്തിൽ നിയമപരമായി സർക്കാർ ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ലേഖനത്തിലെ പരാമർശങ്ങൾ ഒരു വിധത്തിലും ഇതിനെ ബാധിക്കില്ല.